# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 225

18/06/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണം

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ. പി.സി.ജോർജ്
ഡോ.എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കൊല്ലം-കോട്ടപ്പുറം ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചത് എന്നാണ്; പ്രസ്തുത ജലപാതയുടെ സവിശേഷതകൾ എന്തെല്ലാമാണ്;

(എ) കൊല്ലം-കോട്ടപ്പുറം ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചത് ഫെബ്രുവരി 1993-ൽ ആണ്. ദേശീയ ജലപാതയിലെ ഗതാഗത പാതയിൽ എല്ലായിടത്തും കുറഞ്ഞത് 2 മീ ആഴവും 32 മുതൽ 38 മീ വരെ വീതിയും ലഭ്യമാക്കുന്നത് വഴി 24 മണിക്കൂറും ജലഗതാഗത സംവിധാനത്തിനുള്ള സൗകര്യം ഉണ്ടായിരിക്കും. ചരക്ക് ഗതാഗതത്തിനുള്ള ചങ്ങാടങ്ങൾ (ബാർജസ്) ഇതുവഴി പോകുവാൻ സാധ്യമാകുന്നതും ആയതിലേക്ക് ചരക്ക് കയറ്റിയിറക്ക് നടത്തുവാൻ യന്ത്രവൽകൃത സംവിധാനമുള്ള ടെർമിനലുകളും സ്ഥാപിച്ചിട്ടുണ്ട്.

ബി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞു;

(ബി) ദേശീയ ജലപാത നിർമ്മാണ പ്രവൃത്തികൾ ഏകദേശം 90% പൂർത്തിയാക്കപ്പെട്ടിരിക്കുന്നു.

(സി) പ്രസ്തുത ജലപാതയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്;

(സി) ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയാണ് വിഘ്നം സൃഷ്ടിക്കുന്ന പ്രധാന ഘടകങ്ങൾ.

| | |
|---|---|
| (ഡി) ദേശീയ ജലപാതയുടെ നിര്‍മ്മാണം മിഷന്‍ 676-ല്‍പ്പെടുത്തി പൂര്‍ത്തിയാക്കാന്‍ നടപടി സ്വീകരിക്കുമോ? | (ഡി) മിഷന്‍ 676 സ്വപ്നപദ്ധതിയില്‍ ഉള്‍പ്പെടുത്തി സംസ്ഥാന സര്‍ക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2014 ഡിസംബറില്‍ പണി പൂര്‍ത്തിയാക്കുവാന്‍ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍